പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2724

10.07.2015-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കിയാലുള്ള ഗുണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ.റഹീം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | പഞ്ചായത്തുകൾക്ക ലഭിക്കാത്ത എന്തെല്ലാം പ്രത്യേക ഗുണങ്ങളാണ് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | നഗരപ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സൗകര്യം മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നു. എഡിബി ധനസഹായത്തോടെയുള്ള KSUDP പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ JNNRUM, ഐ.എച്ച്. എസ്.ഡി.പി., യു.ഐ.ഡി.എസ്.എസ്. എം.റ്റി, രാജീവ് ആവാസ് യോജന, സ്മാർട്ട് സിറ്റി മിഷൻ പദ്ധതികൾ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് ട്രാൻസ്ഫോമേഷൻ (AMRUT) ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ സ്കീം, പി.എം.എ.വൈ, എൽ.യു.എൻ.എം. എന്നിവയും സംസ്ഥാന വികസന പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും നഗരസഭാ പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്. |
| ബി) | മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും പരിഗണിക്കുന്നുണ്ടോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതിലും ജനസംഖ്യ മാനദണ്ഡം പരിഗണിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | വിസ്തീർണ്ണവും ജനസംഖ്യയും മാനദണ്ഡമാക്കി ലഭ്യമാക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകാമോ? | (സി) | ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM), രാജീവ് ആവാസ് യോജന (RAY), ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിറ്റേഷൻ (ILCS), സ്മാർട്ട് സിറ്റി മിഷൻ, അമൃത് എന്നിവ ജനസംഖ്യ അടിസ്ഥാനമാക്കി നടപ്പിലാക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ